# മതികെട്ടാൻ: വൻകുടിയേറ്റക്കാരെ തൊടാതെ കുടിയൊഴിപ്പിക്കൽ

മതികെട്ടാനിൽ 2000 ഏക്കർ ചോലവനം ഇപ്പോഴും 187 വൻ കുടിയേറ്റക്കാരുടെ കയ്യിലാണെന്ന് വനംവകുപ്പ് തയ്യാറാക്കിയ ഭൂപടം വ്യക്തമാക്കുന്നു. വനം കയ്യേറ്റക്കാരിലെ വമ്പൻ സ്രാവുകൾക്കുനേരെ കണ്ണടച്ചുകൊണ്ട് സർക്കാർ നടത്തിയ കുടിയൊഴിപ്പിക്കൽ നാടകത്തെ പൊളിച്ചുകാട്ടുകയാണ് ഈ വെളിപ്പെടുത്തൽ.

ഇപ്പോഴും വനഭൂമി കൈവശം വച്ചിരിക്കുന്നവരിൽ ഒരു ജനപ്രിയ സിനിമാതാരവും ഒരുമുൻ മന്ത്രിയുടെ അടുത്ത ബന്ധുവും ഉൾപ്പെടുന്നതായി 'ഹിന്ദു' പത്രം (ജൂലൈ 15) റിപ്പോർട്ടു ചെയ്യുന്നു.

കയ്യേറ്റക്കാരിൽ ഏറ്റവും വമ്പൻ കയ്യടക്കിയിരിക്കുന്നത് 1000 ഏക്കർ വനഭൂമിയാണ്. 300 ഏക്കറാണ് തൊട്ടടുത്ത കയ്യേറ്റക്കാരന്റെ വിഹിതം. 100 മുതൽ 60 ഏക്കർ വരെയാണ് ബാക്കിയുള്ളവർ കൈവശം വച്ചിരിക്കുന്നത്. 6500 മുതൽ 7000 വരെ ഏക്കർ ആണ് മതികെട്ടാനിലെ ചോലവനത്തിന് വിസ്തൃതിയുണ്ടായിരുന്നത് എന്നു കൂടി ഓർക്കുക.